# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice


Dated : 26/03/ 2019

## 16 വർഷങ്ങൾക്ക് മുമ്പ് കാണാതായ പെൺകുട്ടിയെ ഡിസ്ട്രിക് മിസ്സിംങ് പേഴ്സൺ ട്രാക്കിങ്ങ് യൂണിറ്റ് കണ്ടെത്തി.

കൊല്ലം : ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും 16 വർഷങ്ങൾക്ക് മുമ്പ് കാണാതായ ക്ലാപ്പന വടക്ക് കുടുംബത്ത്കാല വീട്ടിൽ ബർണാഡ് ക്രൂസ് മകൾ സോളിയെ കണ്ടെത്തി. 18 വയസ് പൂർത്തിയായ ദിവസം സോളി കാമുകനായ പ്രിൻസുമൊത്ത് പോവുകയായിരുന്നു. പിതാവ് ഓച്ചിറ പോലീസിൽ കാണാതായതിനെ സംബന്ധിച്ച് പരാതി നൽകിയിരുന്നു. പിതാവ് ബർണാഡ് ക്രൂസിന്റെ മൊഴി പ്രകാരം ഓച്ചിറ പോലീസ് 31/2003 ആയി 2003 ഫെബ്രുവരിമാസം 3-ാം തീയതി കേസ്സ് രജിസ്റ്റർ ചെയ്യുകയുായി. വിവാഹിതരായ സോളിയും പ്രിൻസും കേരളത്തിന്റെ വടക്കൻ ജില്ലയിൽ ഏറെ നാൾ ഒളിവിൽ താമസിച്ച് വരുകയായിരുന്നു. പിതാവ് ബർണാഡ് ക്രൂസിന്റെ മരണത്തോടെ ക്ലാപ്പന ഭാഗത്ത് എത്തി താമസം ആരംഭിക്കുകയായിരുന്നു. സോളിക്ക് 9-ാം ക്ലാസ്സിലും 2-ാം ക്ലാസ്സിലും പഠിക്കുന്ന രണ്ട് കുട്ടികൾ ഉണ്ട്. ഓച്ചിറ പോലീസ് ഈ കേസ്സ് അന്വേഷണത്തിൽ കത്തൊത്തതിനാൽ കൊല്ലം കമ്മീഷണർ ഓഫീസിലെ ഡിസ്ട്രിക് മിസ്സിംങ് പേഴ്സൺ ട്രാക്കിങ്ങ് യൂണിറ്റ് ഏറ്റെടുക്കുകയുായി. ജില്ലാ ക്രൈം ബ്രാഞ്ചിലെ ഡിസ്ട്രിക് മിസ്സിംങ് പേഴ്സൺ ട്രാക്കിങ്ങ് യൂണിറ്റിലെ പ്രത്യേക അന്വേഷണ സംഘം 25.03.2019 സോളിയും ഭർത്താവും ഒത്ത് താമസിച്ചിരുന്ന ക്ലാപ്പനയിലെ വീട്ടിൽ നിന്നാണ് കത്തെിയത്. കോടതിയിൽ ഹാജരാക്കിയ സോളിയെ ഭർത്താവും ഒത്ത് പോകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ജില്ലാ ക്രൈം ബ്രാഞ്ച്, അസി. കമ്മീഷണർ ശ്രീ.ജി. സർജു പ്രസാദിന്റെ നേതൃത്വത്തിൽ എസ്.ഐ. ഹരികുമാർ, എ.എസ്.ഐ ജയപ്രദീപ് എന്നിവർ ആണ് അന്വേഷണസംഘത്തിൽ ഉണ്ടായിരുന്നത്.